REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 16-10-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **രാഷ്ട്രപതി ദ്രൗപതി മുർമു ത്രിരാഷ്ട്ര സന്ദർശനത്തിന്റെ രണ്ടാം ഘട്ടത്തിൽ ഇന്ന് മൗറിറ്റാനിയയിലേക്ക് പുറപ്പെടും.**
- **ജമ്മു കശ്മീരിൽ നാഷണൽ കോൺഫറൻസ് വൈസ് പ്രസിഡന്റ് ഒമർ അബ്ദുള്ളയുടെ നേതൃത്വത്തിൽ മന്ത്രിസഭ ഇന്ന് അധികാരമേൽക്കും.**
- **ഉപതെരഞ്ഞെടുപ്പിന് കോൺഗ്രസ് സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു. വയനാട്ടിൽ പ്രിയങ്കാ ഗാന്ധിയും, പാലക്കാട് രാഹുൽ മാങ്കൂട്ടത്തിലും ചേലക്കരയിൽ രമ്യ ഹരിദാസും മത്സരിക്കും.**
- **കണ്ണൂർ A.D.M കെ.നവീൻ ബാബുവിന്റെ മൃതദേഹം പോസ്റ്റ് മോർട്ടത്തിന് ശേഷം പുലർച്ചെ ബന്ധുക്കൾ ഏറ്റുവാങ്ങി. സംസ്കാരം നാളെ.**
- **ബംഗാൾ ഉൾക്കടലിൽ രൂപം കൊണ്ട ന്യൂനമർദ്ദം ചുഴലിക്കാറ്റായി നാളെ പുലർച്ചെ പുതുച്ചേരിക്കും നെല്ലൂരിനുമിടയിൽ തീരം കടക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.**
- **ഇന്ത്യ - ന്യൂസിലൻഡ് ആദ്യ ക്രിക്കറ്റ് ടെസ്റ്റ് ഇന്ന് ബാംഗ്ലൂരിൽ ആരംഭിക്കും**

## വാർത്തകൾ വിശദമായി

രാഷ്ട്രപതി ദ്രൗപതി മുർമു ത്രിരാഷ്ട്ര സന്ദർശനത്തിന്റെ രണ്ടാം ഘട്ടത്തിൽ ഇന്ന് മൗറിറ്റാനിയയിലേക്ക് പുറപ്പെടും.

അൾജീരിയൻ സന്ദർശനം പൂർത്തിയാക്കി ഒരു ദിവസത്തെ സന്ദർശനത്തിനായി മൗറിറ്റാനിയയിൽ എത്തുന്ന രാഷ്ട്രപതി മൗറിറ്റാനിയൻ പ്രധാനമന്ത്രി മുഹമ്മദ് ഔൽഡ് ഗസൗനിയുമായും മറ്റ് നേതാക്കളുമായും ഉഭയകക്ഷി കൂടിക്കാഴ്ച നടത്തും. മൗറിറ്റാനിയയിലെ ഇന്ത്യൻ പ്രവാസികളുമായും ദ്രൗപതി മുർമു സംവദിക്കും.

രാഷ്ട്രപതിയുടെ മാധ്യമസംഘത്തിൽ നിന്ന് A M മയൂഷ

**......വോയ്സ്....**

വിദേശകാര്യ സെക്രട്ടറി അരുൺ കുമാർ ചാറ്റർജി രാഷ്ട്രപതിയുടെ അൽജീരിയൻ സന്ദർശനത്തെ കുറിച്ച് മാധ്യമങ്ങളോട് സംസാരിക്കവേ പറഞ്ഞു. ഇത് വളരെ ചരിത്രപരമായ സന്ദർശനമായിരുന്നു. ഈ സന്ദർശനം ഇരു രാജ്യങ്ങളും തമ്മിലുള്ള രാഷ്ട്രീയ, സാമ്പത്തിക, സാംസ്കാരിക ബന്ധങ്ങൾക്ക് ഉറപ്പായും ഊർജം പകരുമെന്നും പറഞ്ഞു. ബ്രിക്സിൽ ഉച്ചകോടിയിൽ അൾജീരിയയുടെ അംഗത്വ വിഷയത്തെ അവതരിപ്പിക്കുമ്പോൾ ഇന്ത്യ പിന്തുണയ്ക്കുമെന്നും shri അരുൺ കുമാർ പറഞ്ഞു.

സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ, രാഷ്ട്രപതി ഇന്ന് മൗറിറ്റാനിയയിൽ, ഒരു ദിവസത്തെ സന്ദർശനത്തിൽ, വിവിധ പരിപാടികൾ പങ്കെടുക്കും. രാഷ്ട്രപതി ദ്രൗപദു മുർമു ഇസ്ലാമിക് റിപ്പബ്ലിക് ഓഫ് മൗറിറ്റാനിയയുടെ പ്രസിഡന്റ് മുഹമ്മദ് ഔൽഡ് Gazouni യുമായും, മറ്റ് നേതാക്കളുമായി ഉഭയകക്ഷി കൂടിക്കാഴ്ചകൾ നടത്തും, കൂടാതെ ഇന്ത്യൻ പ്രവാസികളുമായി സംവദിക്കും.

✪✪✪

കേന്ദ്രഭരണ പ്രദേശമായ ജമ്മു കശ്മീരിൽ നാഷണൽ കോൺഫറൻസ് വൈസ് പ്രസിഡന്റ് ഒമർ അബ്ദുള്ള ഇന്ന് മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കും. ഒമർ അബ്ദുള്ളക്കും മന്ത്രി സഭാംഗങ്ങൾക്കും രാവിലെ 11.30ന് ശ്രീനഗറിലെ ലോക പ്രസിദ്ധമായ ദാൽ തടാക തീരത്ത് സ്ഥിതി ചെയ്യുന്ന ഷെരെ കശ്മീർ ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടക്കുന്ന ചടങ്ങിൽ ലെഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ സത്യവാചകം ചൊല്ലികൊടുക്കും. ഒമർ അബ്ദുള്ള മുഖ്യമന്ത്രി സ്ഥാനത്ത് തിരിച്ചെത്തുന്നത് ജനങ്ങൾക്കിടയിൽ ആവേശം സൃഷ്ടിച്ചിട്ടുണ്ടെന്ന് ആകാശവാണി ലേഖകൻ റിപ്പോർട്ട് ചെയ്തു. കനത്ത സുരക്ഷാ സന്നാഹമാണ് സത്യപ്രതിജ്ഞാ ചടങ്ങിന് ഏർപ്പെടുത്തിയിരിക്കുന്നത്.

✪✪✪

നേതാവിനെ തെരഞ്ഞെടുക്കാൻ BJP ഹരിയാന നിയമസഭാ കക്ഷി യോഗം ഇന്ന് ചേരും. പാർട്ടി നിരീക്ഷകരായി ആഭ്യന്തര മന്ത്രി അമിത് ഷായും മധ്യപ്രദേശ് മുഖ്യമന്ത്രി മോഹൻ യാദവും യോഗത്തിൽ പങ്കെടുക്കും.

പഞ്ച്കുളയിലെ ഷാലിമാർ ഗ്രൗണ്ടിൽ സത്യപ്രതിജ്ഞാ ചടങ്ങിന്റെ ഒരുക്കങ്ങൾ പൂർത്തിയായതായി BJP സംസ്ഥാന അധ്യക്ഷൻ മോഹൻലാൽ ബദോലി മാധ്യമങ്ങളോട് പറഞ്ഞു.

നാളെ സത്യപ്രതിജ്ഞ നടക്കുമെന്ന് അദ്ദേഹം അറിയിച്ചു.

✪✪✪

വയനാട് ലോകസഭാ മണ്ഡലത്തിലും പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങളിലും ഉപതിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളെ കോൺഗ്രസ് ഹൈക്കമാൻഡ് പ്രഖ്യാപിച്ചു. AICC ജന. സെക്രട്ടറി പ്രിയങ്ക ഗാന്ധിയാണ് വയനാട് ലോക്സഭാ മണ്ഡലത്തിലെ UDF സ്ഥാനാർത്ഥി.

പാലക്കാട്, യൂത്ത് കോൺഗ്രസ് സംസ്ഥാന അധ്യക്ഷൻ രാഹുൽ മാങ്കൂട്ടത്തിലും, ചേലക്കരയിൽ രമ്യ ഹരിദാസും മത്സരിക്കും.

✪✪✪

പാലക്കാട് നിയമസഭാ ഉപതെരഞ്ഞെടുപ്പ് തിയ്യതി മാറ്റണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷനേതാവ് VD സതീശൻ തെരഞ്ഞെടുപ്പ് കമ്മിഷന് കത്തയച്ചു.കൽപ്പാത്തി രഥോത്സവ ദിവസം തെരഞ്ഞെടുപ്പ് നടത്തിയാൽ ജനങ്ങൾക്ക് വോട്ടവകാശം വിനിയോഗിക്കാൻ അസൗകര്യം ഉണ്ടാകുമെന്ന് കാണിച്ചാണ് സതീശൻ കത്തയച്ചത്.

✪✪✪

കല്പാത്തി രാഥോത്സവം പ്രമാണിച്ചു പാലക്കാട് ഉപതിരഞ്ഞെടുപ്പ് അടുത്ത മാസം 13 ൽ നിന്നും 20 ലേക്ക് മാറ്റണമെന്ന് BJP സംസ്ഥാന അധ്യക്ഷൻ K. സുരേന്ദ്രൻ തിരഞ്ഞെടുപ്പ് കമ്മീഷന് പരാതി നൽകി.

സംസ്ഥാനത്ത് നടക്കുന്ന മൂന്ന് ഉപതെരഞ്ഞെടുപ്പും നേരിടാൻ NDAയും BJPയും സജ്ജമാണെന്ന് സുരേന്ദ്രൻ കോഴിക്കോട്ട് പറഞ്ഞു. പാലക്കാടും ചേലക്കരയിലും വിജയിക്കാനാണ് BJP പരിശ്രമിക്കുന്നതെന്നും അദ്ദേഹം അറിയിച്ചു. സ്ഥാനാർത്ഥികളെ BJP പാർലമെന്ററി ബോർഡ് ഡൽഹിയിൽ തീരുമാനിക്കുമെന്നും സംസ്ഥാനത്തു നിന്നു മൂന്നുപേരുടെ പട്ടിക നൽകിയിട്ടുണ്ടെന്നും സുരേന്ദ്രൻ വ്യക്തമാക്കി.

കണ്ണൂരിലെ ADMന്റെ മരണം ദാരുണമായ സംഭവമാണെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രാജിവെക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

✪✪✪

പാലക്കാട് നിയമസഭാ ഉപതിരഞ്ഞെടുപ്പ് മാറ്റിവയ്ക്കണമെന്ന് LDF കൺവീനർ TP രാമകൃഷ്ണനും ആവശ്യപ്പെട്ടു .

പാലക്കാട് ജനതയുടെ പൊതു ഉത്സവമായി മാറിയ കൽപ്പാത്തി രഥോത്സവത്തിന്റെ ആദ്യ ദിവസമാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്നതെന്ന് അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു.

ഇത് ജനങ്ങളുടെ സുഗമമായ സമ്മതിദാന അവകാശത്തിന് പ്രയാസം സൃഷ്ടിക്കുമെന്നും രാമകൃഷ്ണൻ അഭിപ്രായപ്പെട്ടു.

✪✪✪

കണ്ണൂർ A.D.M കെ.നവീൻ ബാബുവിന്റെ മൃതദേഹം കണ്ണൂർ ഗവ. മെഡിക്കൽ കോളജിൽ പോസ്റ്റ് മോർട്ടത്തിന് ശേഷം പുലർച്ചെ 12.40ന് പത്തനംതിട്ടയിൽ നിന്നെത്തിയ ബന്ധുക്കൾ ഏറ്റുവാങ്ങി.

കണ്ണൂർ ജില്ലാ കലക്ടർ അരുൺ കെ വിജയൻ, കാസർകോട് ജില്ലാ കലക്ടർ കെ. ഇൻപശേഖരൻ, തുടങ്ങിയവർ ആദരാഞ്ജലി അർപ്പിച്ചു. മൃതദേഹത്തെ കണ്ണൂർ റവന്യു വകുപ്പിൽനിന്നു ഉദ്യോഗസ്ഥ സംഘം പത്തനംതിട്ടയിലേക്ക് അനുഗമിച്ചു.

✪✪✪

ഉച്ചയോടെ ജന്മനാടായ പത്തനംതിട്ടയിലെത്തിക്കുന്ന മൃതദേഹം മോർച്ചറിയിൽ സൂക്ഷിക്കും. നാളെ കളക്ടറേറ്റിൽ പൊതുദർശനത്തിനുശേഷം മലയാലപ്പുഴ പത്തിശ്ശേരിയിലെ കാരുവള്ളിയിലെ വീട്ടിൽ സംസ്കാരം നടക്കും.

✪✪✪

കണ്ണൂർ കോർപ്പറേഷനിലും പത്തനംതിട്ട മലയാലപ്പുഴ ഗ്രാമപഞ്ചായത്തിലും ഇന്ന് ഹർത്താൽ. നവീൻ ബാബുവിന്റെ ആത്മഹത്യയിൽ കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് PP ദിവ്യക്കെതിരെ കൊലക്കുറ്റത്തിന് കേസെടുക്കണ മെന്നാവശ്യപ്പെട്ടാണ് കണ്ണൂർ കോർപ്പറേഷനിൽ BJPയും മരണത്തിൽ പ്രതിഷേധിച്ച് പത്തനംതിട്ട മലയാലപ്പുഴ ഗ്രാമപഞ്ചായത്തിൽ കോൺഗ്രസും നടത്തുന്ന ഹർത്താൽ തുടങ്ങി. വൈകിട്ട് ആറ് വരെയാണ് ഹർത്താൽ. ഹോട്ടലുകൾ, മറ്റ് അവശ്യ സേവനങ്ങൾ തുടങ്ങിയവയെ ഹർത്താലിൽ നിന്നൊഴിവാക്കിയിട്ടുണ്ട്.

✪✪✪

ബംഗാൾ ഉൾക്കടലിൽ രൂപം കൊണ്ട ന്യൂനമർദ്ദം ചുഴലിക്കാറ്റായി നാളെ പുലർച്ചെ വടക്കൻ തമിഴ് നാട്, തെക്കൻ ആന്ധ്രപ്രദേശ് തീരങ്ങൾക്കിടയിൽ പുതുച്ചേരിക്കും നെല്ലൂരിനുമിടയിൽ തീരം കടക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. തമിഴ്നാട്ടിൽ അടുത്ത 24 മണിക്കൂറിനുള്ളിൽ കനത്തതോ അതിശക്തമായതോ ആയ വ്യാപകമായ മഴയ്ക്ക് സാധ്യതയുണ്ട്.

തമിഴ്നാട്ടിൽ മുന്നറിയിപ്പ് ജില്ലകളിൽ ഇന്ന് പൊതു അവധിയാണ്.

✪✪✪

സംസ്ഥാനത്ത് ശനിയാഴ്ച വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് മലപ്പുറം, കണ്ണൂർ ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, കോഴിക്കോട്, വയനാട്, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി.

കേരള - കർണ്ണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിനു സാധ്യതയുണ്ടെന്നും, മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

ഇന്ത്യ - ന്യൂസിലൻഡ് ആദ്യ ക്രിക്കറ്റ് ടെസ്റ്റ് ഇന്ന് ബാംഗ്ലൂരു ചിന്നസ്വാമി സ്റ്റേഡിയത്തിൽ ആരംഭിക്കും. രാവിലെ 9.30 മുതലാണ് മത്സരം. 2012-13 സീസണ് ശേഷം സ്വന്തം തട്ടകത്തിൽ തുടർച്ചയായ 19-ാം പരമ്പര വിജയമാണ് രോഹിത് ശർമ്മ നയിക്കുന്ന ഇന്ത്യൻ ടീം ലക്ഷ്യമിടുന്നത്.

മൂന്ന് മത്സര പരമ്പരയിലെ രണ്ടാം ടെസ്റ്റ് 24 മുതൽ 28 വരെ പൂനെയിലും മൂന്നാമത്തെയും അവസാനത്തെയും ടെസ്റ്റ് നവംബർ 1 മുതൽ 5 വരെ മുംബൈ വാങ്കഡെ സ്റ്റേഡിയത്തിലും നടക്കും.

✪✪✪

മികച്ച സൗകര്യങ്ങൾ യാത്രക്കാർക്ക് നൽകിയും തൊഴിലാളി സൗഹൃദ നടപടികളിലൂടെയും KSRTCയുടെ പുതിയ ഘട്ടത്തിന് തുടക്കമായതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. KSRTC സ്വിഫ്റ്റ് സൂപ്പർഫാസ്റ്റ് പ്രീമിയം AC സർവീസുകളുടെ ഉദ്ഘാടനം തിരുവനന്തപുരം ആനയറയിലെ സ്വിഫ്റ്റ് ആസ്ഥാനത്ത് നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

ആദ്യഘട്ടത്തിൽ 10 ബസുകളാണ് സർവീസ് നടത്തുക. വൈഫൈ കണക്ഷൻ, മ്യൂസിക് സിസ്റ്റം, പുഷ് ബാക്ക് സീറ്റ് തുടങ്ങി നിരവധി അത്യാധുനിക സൗകര്യങ്ങളുമായാണ് സ്വിഫ്റ്റ് AC സൂപ്പർ ഫാസ്റ്റ് പ്രീമിയം സർവീസ് ആരംഭിക്കുന്നത്.

✪✪✪

സംസ്ഥാനത്തിന്റെ സാമ്പത്തിക സുരക്ഷക്ക് രജിസ്ട്രേഷൻ മേഖലയിലെ ഡിജിറ്റൽ സേവനങ്ങൾ സഹായകരമാകുമെന്ന് മന്ത്രി KN ബാലഗോപാൽ അഭിപ്രായപ്പെട്ടു. സമ്പൂർണ ഇ സ്റ്റാമ്പിംഗ് സേവനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം നിയമസഭ സെമിനാർ ഹാളിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. വെണ്ടർമാരുടെ തൊഴിൽ നഷ്ടം പരിഗണിച്ച് അവരുടെ വരുമാനം നിലനിർത്തിയാണ് സേവനങ്ങൾ നൽകുന്നതെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി 10 കോടി രൂപ ചെലവിൽ കോഴിയിറച്ചി സംസ്കരണ യൂണിറ്റിന്റേയും മാലിന്യ സംസ്കരണത്തിനു ഡ്രൈ റെൻഡറിംഗ് യൂണിറ്റിന്റേയും നിർമ്മാണം മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ മേൽനോട്ടത്തിൽ ഉടൻ ആരംഭിക്കുമെന്ന് മന്ത്രി J ചിഞ്ചുറാണി അറിയിച്ചു. പദ്ധതിയ്ക്ക് ഭരണാനുമതി ലഭിച്ചതായും മന്ത്രി അറിയിച്ചു. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ മീറ്റ്സ് ആൻഡ് ബൈറ്റ്സ് ഫ്രാഞ്ചൈസി ഔട്ട്ലെറ്റുകളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവ്വഹിക്കുകയായിരുന്നു മന്ത്രി.

ഫ്രാഞ്ചൈസികൾ ആരംഭിക്കുന്നതിലൂടെ നിരവധി പേർക്ക് തൊഴിലുറപ്പാക്കാൻ കഴിയുമെന്ന് മന്ത്രി പറഞ്ഞു.

✪✪✪

ശബരിമല റോപ് വേ പദ്ധതി നടപ്പിലാക്കുമ്പോൾ പരിഹാര വനവത്ക്കരണത്തിനു ഭൂമി ഈ മാസം 23 ന് മുൻപ് നിർദേശിക്കാൻ വനം വകുപ്പ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി.

തിരുവനന്തപുരത്ത് മന്ത്രിമാരായ VN വാസവൻ, AK. ശശീന്ദ്രൻ എന്നിവർ പങ്കെടുത്ത യോഗത്തിലാണ് ഇതു സംബന്ധിച്ച് തീരുമാനമെടുത്തത്. ദേവസ്വം, വനം, റവന്യൂ ഉദ്യോഗസ്ഥർ ഒന്നിച്ചിരുന്ന് ചർച്ച നടത്തി റിപ്പോർട്ട് സമർപ്പിക്കാനാണ് നിർദേശം.

ഈ മണ്ഡലകാലത്തു തന്നെ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതുണ്ടെന്നും നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കണമെന്നും മന്ത്രിമാർ യോഗത്തിൽ വ്യക്തമാക്കി.

✪✪✪

ശബരിമല കോ -ഓർഡിനേറ്റർ സ്ഥാനത്തുനിന്നും ADGP എം.ആർ അജിത്കുമാറിനെ മാറ്റി പകരം ADGP എസ് ശ്രീജിത്തിന് ചുമതല നൽകി. പോലീസ് ആസ്ഥാനത്തിന്റെ ചുമതല വഹിക്കുന്ന ADGP യാണ് ശ്രീജിത്ത് .

✪✪✪

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടക്കുന്ന മാലിന്യമുക്ത നവകേരളം ക്യാമ്പയിന് എല്ലാ പിന്തുണയും നൽകുമെന്ന് കോഴിക്കോട് ജില്ലയിലെ റസിഡൻസ് അസോസിയേഷനുകൾ അറിയിച്ചു. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് തദ്ദേശ ഭരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച യോഗത്തിലാണ് അസോസിയേഷൻ ഭാരവാഹികൾ ഇക്കാര്യം അറിയിച്ചത്.

മാലിന്യ ശേഖരണത്തിന് ഹരിതകർമ്മ സേന അംഗങ്ങൾ വീടുകളിൽ സമയബന്ധിതമായി എത്തുന്നുണ്ടെന്നും കലണ്ടർ പ്രകാരം തന്നെ മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ടെന്നും തദ്ദേശ സ്ഥാപനങ്ങൾ ഉറപ്പുവരുത്തണമെന്ന നിർദേശം റസിഡൻസ് അസോസിയേഷനുകൾ മുന്നോട്ടുവച്ചു.

✪✪✪